ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ ഒരുസ്റ്റാൻഡേർഡൈസ്ഡ് പ്രൈസ് നിശ്ചയിക്കാൻ ഇപ്പോഴും തീരുമാനിച്ചിട്ടില്ല.

ക്ഷയരോഗികൾക്കുള്ള ധനസഹായപദ്ധതി

* 115. [6] † ശ്രീ. പി. എസ്സ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗികൾക്കുള്ള ധനസഹായപദ്ധതി നടപ്പിലാക്കിയോ; എന്നുമുതൽ ;

(ബി) ഈ പദ്ധതിയനുസരിച്ച് ഇന്നുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് :

(സി) ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചിരിക്കുന്നത് ഏതു താലൂക്കിൽനിന്നാണ് ;

(ഡി) ഇതുവരെ ആകെ എത്ര അപേക്ഷകൾക്ക് ഈ പദ്ധതിയനുസരിച്ച് സംഖ്യ കൊടുത്തിട്ടുണ്ട് ;

(ഇ) മൊത്തം എത്ര രൂപ കൊടുത്തിട്ടുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നടപ്പിലായി; 14–8–1963 മുതൽ.

(ബി) 5,810 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) കോഴിക്കോട്ട താലൂക്കിൽനിന്ന്.

(ഡി, ഇ) ചില അപേക്ഷകൾ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സംഖ്യ ആകെ കൊടുത്തിട്ടില്ല. കൊടുക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മി. സ്പീക്കർ : 19–ാം നമ്പർ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ക്ഷയരോഗികൾക്കുള്ള ധനസഹായം

* 116. [19] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ പ്രവേശനം ലഭിക്കാത്ത ക്ഷയരോഗികൾക്ക് ധനസഹായം നൽകുവാനായി 1963–64–ൽ നീക്കിവെച്ച സംഖ്യയെത്ര ;

(ബി) ഇതുവരെയായി എത്ര ഹർജികൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ട്; എത്ര ഹർജിക്കാർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ട്;

(സി) ഒരു ക്ഷയരോഗി സഹായത്തിന് അർഹനാകണമെങ്കിലുള്ള ഉപാധികൾ എന്ത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 2,00,000 രൂപ.

(ബി) 6–ാമത്തെ ചോദ്യത്തിനുകിട്ടിയ വിവരം ശേഖരിച്ചതിനുശേഷമുള്ള കണക്കാണിത്. 5,869 അപേക്ഷകൾ ഡിസ്ട്രിക്റ്റ് കളക്ടർമാർ മുഖേന കിട്ടിയിട്ടുണ്ട്. ചില അപേക്ഷകൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റുചിലവ പരിശോധിച്ചുവരുന്നു. സഹായധനം ആർക്കും വിതരണം ചെയ്തിട്ടില്ല.

(സി) ചട്ടങ്ങളുടെ ഒരു കോപ്പി മേശപ്പുറത്ത് വച്ചിട്ടുണ്ട്.

† Put by Shri E. P. Gopalan

‡ Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ, പി. രവീന്ദ്രൻ: കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ ഈ തുക അനുവദിച്ചെങ്കിലും നടപടിക്രമങ്ങൾക്ക് ഇത്ര കാലതാമസം വരാൻ കാരണമെന്താണ്?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വളരെയധികം കാലതാമസം ഉണ്ടായിട്ടില്ല. മൂന്നമാസത്തിനകം, 14–8–1963–ൽ ചട്ടങ്ങളുടെ അവസാന രൂപം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരാൾക്കെങ്കിലും ഇതുവരെ സഹായധനം നൽകാതിരിക്കാൻ കാരണമെന്താണ് ; ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ട് ഇതിനകം ഒരാൾക്കുപോലും സഹായം നൽകാൻ സാധിക്കാതിരുന്നതു് എന്താണ് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: 14–8–1963 മുതൽ ആണ് ഇതു നടപ്പിൽ വന്നതു്. അതിനുശേഷം അപേക്ഷകരെ സ്വീകരിക്കാൻ തുടങ്ങി. ആദ്യമായിട്ട് ക്ഷയരോഗികളാണോ എന്നു പരിശോധിച്ചിട്ട് അവരുടെ ഇങ്കം തിട്ടപ്പെടുത്തി സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. 1–3–1964 വരെ അതിനുള്ള കാലാവധി അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ഡിസ്പെൻസറിൽ നിന്നു് 64 അപേക്ഷകളും, കോട്ടയത്തുനിന്നു് 32 അപേക്ഷകളും, തിരുവനന്തപുരത്തുനിന്നു് 69 അപേക്ഷകളും, കൊല്ലത്തുനിന്നും 40 അപേക്ഷകളും കിട്ടിയിട്ടുള്ളതു് അനുവദിച്ചിട്ടുണ്ടെങ്കിലും നിശ്ചിത തീയതിക്കു മുൻപാണെന്നുള്ള കാരണത്താൽ കൊടുത്തിട്ടില്ല മിക്കവാറും ഈ മാസത്തിൽത്തന്നെ കൊടുക്കാൻ സാധിക്കും.

ശ്രീ.കെ, മൊയ്തീൻകുട്ടിഹാജി: കോഴിക്കോട്ട ജില്ലയിൽ കിട്ടിയിട്ടുള്ള അപേക്ഷകരും രണ്ടാമതും ഹർജിക്കാർക്കു തിരിച്ചയച്ചിരിക്കുകയാണെന്നും, ആദ്യം അയച്ച ഒരു മെഡിക്കൽ സർട്ടിഫിക്കറ്റിനു പകരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മുന്നു കാപ്പി സഹിതം വീണ്ടും അപേക്ഷിക്കണമെന്നു നിർദ്ദേശിച്ചിരിക്കുകയാണെന്നും അറിയാമോ? ഇങ്ങനെയുള്ള കാലതാമസം ഒഴിവാക്കാൻ വിശദവിവരങ്ങളും എല്ലാവർക്കും മനസ്സിലാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ തിരിച്ചയയ്ക്കാൻ കാരണമില്ല. വ്യക്തമായ നിർദ്ദേശം ടി. ബി. ക്ലിനിക്കുകളിൽ കൊടുത്തിട്ടുണ്ട്. രോഗികളെ പരിശോധിച്ചു ക്ഷയരോഗിയാണോ എന്നു സർട്ടിഫിക്കറ്റു കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു: ഇതു സംബന്ധിച്ച അപേക്ഷാഫാറങ്ങളും വാങ്ങുന്നതിനും ഫാറം പൂരിപ്പിക്കാനും വളരെയധികം ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ട്. സർട്ടിഫിക്കറ്റു വാങ്ങണമെങ്കിൽ ഏതെങ്കിലും ടി. ബി. ക്ലിനിക്കിൽ പോകണം. ഈ സംസ്ഥാനത്തു ടി. ബി. ക്ലിനിക്കുകളും വളരെ കുറവാണ്. എല്ലാവർക്കും അതിനു സാധിക്കുമെന്നു തോന്നുന്നില്ല. റവന്യൂ വകുപ്പിൽനിന്നു് വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നതിനുള്ളതുപോലെയുള്ള തടസ്സങ്ങളും ഈ കാര്യത്തിലും ഉണ്ടാകുന്നുണ്ട്, ഇതു സംബന്ധിച്ച ചട്ടങ്ങളും ഒന്നു ലഘൂകരിച്ചു ദേഗതി ചെയ്തു നിരാശ്രയരായ ക്ഷയരോഗികൾക്കു പ്രയോജനപ്പെടത്തക്ക നിലയിൽ വേണ്ടതു ചെയ്യാൻ ശ്രദ്ധിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: സാധാരണ ആക്ടും മനസ്സിലാകത്തക്ക വിധത്തിൽ വളരെ ലളിതമായ രീതിയിലാണ് ചട്ടങ്ങളും ഉണ്ടാക്കിയിട്ടുള്ളതു്. അതു സംബന്ധിച്ച എന്തെങ്കിലും ബുദ്ധിമുട്ടു നേരിടുന്നതായി തോന്നുന്നില്ല. ഏതെങ്കിലും പ്രത്യേക വകുപ്പുമൂലം കാലതാമസമോ, ബുദ്ധിമുട്ടോ നേരിടുന്നുവെന്നു ചൂണ്ടിക്കാണിച്ചാൽ അതു ഭേദഗതിചെയ്യാം. ഫാറം പൂരിപ്പിക്കുന്നതിനു്, വലിയ വിദ്യാഭ്യാസമില്ലാത്തവർക്കുപോലും പ്രയാസമില്ലാത്തവിധമാണ് തയ്യാറാക്കിയിട്ടുള്ളതു്. ഏതു പ്രത്യേക കാര്യത്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി വരുത്തേണ്ടതെന്നു ചൂണ്ടിക്കാണിച്ചാൽ അങ്ങനെ ചെയ്യാം. ഇതു പരസ്യപ്പെടുത്തിയതിനുശേഷം വളരെയധികം അപേക്ഷകൾ കിട്ടിയിട്ടുള്ളതുകൊണ്ടുതന്നെ ഈ കാര്യത്തിൽ പ്രത്യേകമായ ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ലെന്നു മനസ്സിലാക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ടി. ബി. ക്ലിനിക്കുകളിലെ ഡാക്ടർമാരുടെ സർട്ടിഫിക്കറ്റു വേണമെന്നുള്ളതുമാറ്റി, ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണറായ ഒരു ഡാക്ടരുടെ സർട്ടിഫിക്കറ്റു മതിയെന്നു ഭേദഗതി ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ടി. ബി. ക്ലിനിക്കിലെ ഡാക്ടർ സർട്ടിഫൈ ചെയ്യണമെന്നുള്ളതിനു പ്രത്യേകം ഉദ്ദേശമുണ്ട്. പ്രൈമറി ഹെൽത്ത് സെൻറുകളിലും മറ്റും എക്സ്റേ കാണുകയില്ല; രോഗിയെ പരിശോധിച്ചു വ്യക്തമായ ഒരു തീരുമാനം എടുക്കാൻ പ്രയാസമായിരിക്കും. ഇത്തരം രോഗികൾ മിക്കവാറും ഏതെങ്കിലും ടി.ബി.ക്ലിനിക്കിലെ ചികിത്സാസൗകര്യത്തിനുവേണ്ടി അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവരായിരിക്കും. ഏതെങ്കിലും ഡാക്ടർമാരുടെ സർട്ടിഫിക്കറ്റു മതിയെന്നു ഭേദഗതി ചെയ്യാൻ ഈ കാരണത്താൽ നിർവാഹമില്ല.

ശ്രീ. പി. രവീന്ദ്രൻ: ഈ സഹായധനത്തിനു് അപേക്ഷിക്കാനുള്ള ഫാറങ്ങൾ എല്ലാ വില്ലേജാഫീസുകളിലും സൗജന്യമായി കിട്ടുമെന്നു പറയുന്നു. അങ്ങനെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒരു വില്ലേജാഫീസിലും ഫാറം സൗജന്യമായി വിതരണം ചെയ്യാൻ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ചിലവില്ലേജാഫീസുകളിൽ ഫാറം കിട്ടിയിട്ടില്ലെന്നറിയാം. ഒരു വില്ലേജാഫീസിലും കിട്ടിയിട്ടില്ലെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഈ. പി. ഗോപാലൻ: ക്ഷയരോഗികൾക്കു് കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള സഹായധനത്തിനു കാലതാമസം വരുന്നതിനുള്ള കാരണം മനസ്സിലാക്കാം. പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിൽ, രോഗികൾക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ആഹാരകാര്യത്തിൽ എന്തു കഴപ്പം നേരിട്ടതുകൊണ്ടാണു അവർ നിരാഹാര വ്രതം അനുഷ്ഠിക്കാൻ ഇടയായതു"?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഒരു ദിവസം—മിനിഞ്ഞാന്നാണെന്നു തോന്നുന്നു—പതിവുപോലെ ഉച്ചയ്ക്കുള്ള ആഹാരം സപ്ലൈചെയ്യാൻ കുറെ താമസിച്ചതിനാൽ—മൂന്നു മണിക്കേ ആഹാരം കൊടുക്കാൻ സാധിച്ചുള്ളൂ—രോഗികൾ ആഹാരം വേണ്ടെന്നു വച്ചു. എന്നാൽ സൂപ്രണ്ടു കാര്യം വിശദീകരിച്ചതിൽ പിന്നീടു് അവർ ആഹാരം കഴിക്കുകയുണ്ടായി. മേലാൽ കാലതാമസം വരുത്താതെ ആഹാരം കൃത്യസമയത്തു സപ്ലൈചെയ്യാൻ കൺട്രാക്ടർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്; ഇപ്പോൾ കഴപ്പൊന്നുമില്ല.

റൂറൽ ഇലക്ട്രിഫിക്കേഷൻ

* 117. [7] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഈ. എസ്സ്. ബ്ലോക്കുകളിൽനിന്നും റൂറൽ ഇലക്ട്രിഫിക്കേഷനുവേണ്ടി എത്ര സംഖ്യ ഇലക്ട്രിസിറ്റി ബോർഡിലേക്കു് എംപ്ലിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്ര സംഖ്യ ചെലവാക്കി;

(സി) ഓരോ ജില്ലയിലും എത്രവീതം ചെലവായി;

(ഡി) ഈ ഇനത്തിൽപ്പെടുത്തി എത്ര ജോലികൾ ചെയ്തുതീർത്തു;

(ഇ) അവ ഏതെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to starred Question* No. (19)]

GOVERNMENT OF KERALA

Abstract

Scheme for financial assistance to indigent T. B. Patients—Introduction of—Sanctioned.

HEALTH & LABOUR (C) DEPARTMENT

G. O. (P) No. 626/63/HLD. *Dated, Trivandrum 14th August* 1963.

ORDER

Government are pleased to sanction a scheme for the grant of financial assistance to T. B. Patients in indigent circumstances, who are unable to secure admission in T. B. Clinics, T. B. Hospitals and T. B. Sanatoria in this State. The general rules relating to the Scheme are contained in the Annexure to this order.

2. The financial assistance payable under this scheme will be **Rs.** 30 p. m. for each indigent T. B. Patient and such assistance shall normally be given only for a period of 6 months.

By order of the Governor,
A. SETHUMADHAVA MENON,
Secretary.

To

The Director of Health Services.
The District Medical Officers of Health.
The District Collectors.
The Accountant General.
The Gazette.

KERALA T. B. PATIENTS' ASSISTANCE SCHEME.

GENERAL RULES.

1. This Scheme may be called the Kerala T. B. Patients' Financial Assistance Scheme.

2. All Indigent T. B. Patients as defined in Rule 3 of these rules who are domiciled and have resided in Kerala State for more than one year on the date of application and who are unable to secure admission in the T. B. Clinics, Hospitals and Sanatoria in the State are entitled to financial assistance under this Scheme.

3. An indigent T. B. Patient for the purpose of these Rules is a person whose annual income from all sources does not exceed Rs. 300 (Rs. Three hundred only) and who is certified by a Government Medical Officer not below the rank of an Assistant Surgeon that he is actually suffering from T. B. requiring at least six months' treatment.

4. Applications for financial assistance under the scheme shall be submitted in Form TBA. I in triplicate to the Medical Officer of any of

LIBRARY ARCHIVES Kerala Legislative Assembly

the following institutions which is nearest to his residence, in the Taluk where the patient ordinarily resides, who shall forward two copies to the Tahsildar of the Taluk in which the patient ordinarily resides keeping one copy for record.

Name of institutions:—

1. District Hospital, Cannanore.
2. Medical College Hospital, Calicut.
3. District Hospital, Palghat.
4. District Hospital, Trichur.
5. T. B. Clinic, Palluruthy.
6. Medical College Hospital, Kottayam.
7. District Hospital, Alleppey.
8. T. B. Clinic, Karunagappally.
9. T. B. Centre, Trivandrum.
10. T. B. Hospital, Pariyaram.
11. T. B. Hospital, Mulankunnathukavu.
12. T. B. Hospital, Pulayanarkottah.

5. The application forms can be obtained free of cost from the Taluk and Village Offices.

6. Application forms shall be submitted in triplicate in the prescribed printed forms or in copies of printed forms made on thick plain paper.

7. The Medical Officer and the Tahsildar shall maintain a list of all persons applying for the grant of assistance under this scheme in Form TBA II and Form TBA III respectively.

8. On receipt of application for assistance, the Medical Officer shall scrutinise it and examine the applicant and certify in Forn TBA IV that the applicant is suffering from T. B. requiring at least six months' treatment and has not been admitted to any T. B. Clinic, Hospital or Sanatorium in the State. The Medical Officer shall forward two copies of the application together with his certificate thereon to the Tahsildar of the Taluk.

9. The Tahsildar after enquiry shall report in Form V that the applicant is in indigent circumstances, that is to say that the annual income of the applicant from all sources does not exceed Rs. 300 (Rs. Three hundred only). Such report shall be given by the Tahsildar after personal enquiry or enquiry conducted through the Village Officers or the Revenue Inspectors concerned; but it shall be the aim of the Tahsildar to conduct personal enquiries in as many cases as possible.

10. If on enquiry, the Tahsildar, finds that the applicant is in indigent circumstances, he shall certify to that effect in Form No. TBA VA in the application and shall forward one copy of the application along with the certificate of the Medical Officer to the Collector of the District.

11. The Medical Officer who receives the application in triplicate in the first instance shall, irrespective of the fact whether the applicant is suffering from T. B. requiring at least 6 months' treatment or not, forward two copies to the Tahsildar of the Taluk and shall not dispose

LIBRARY ARCHIVES Kerala Legislative Assembly

the application himself. Where the Medical Officer has certified that the applicant is not suffering from T. B. requiring at least six months' treatment, or has been admitted to a T. B. Hospital, Clinic or Sanatorium, the Tahsildar may reject the application under intimation to the applicant. In every other case, the Tahsildar shall forward the application to the Collector of the District.

12. The application duly recommended by the Tahsildar shall be considered by the Collector of the District who will pass final orders granting assistance or rejecting the application. The sanction of assistance shall be in Form TBA VI.

13. The District Colloctor shall maintain a register in Form TBA VII to account for all applications received by him from the Tahsildar and rejected and also a register in Form TBA VIII to account for the applications where assistance is sanctioned.

14. A person whose application has been rejected by the District Collector shall have no right of appeal. However, where an application is rejected by a Tahsildar in the circumstances stated in Rule 11,a revision petition shall lie to the Collector. If the District Collector is satisfied that the certificate issued by the Medical Officer require scrutiny, he shall direct a Government Medical Officer of the District not below the rank of a Civil Surgeon or the Assistant Director of Health Services (T. B.) to examine the applicants. If on such examination, it is found that the applicant is suffering from T. B. requiring at least six months' treatment or/and that he has not been admitted to any of the institutions specified in Rule 3, the fact shall be reported to the Collector, by the Medical Officer conducting the examination contemplated in this Rule. The Collector shall thereupon direct the Tahsildar to revive the application and pursue the procedure in Rules 9, 10 and 11. In every other case the Collector shall reject the revision petition.

15. The District Collector shall be the sanctioning authority. The orders on these applications will be communicated by the District Collector to the District Medical Officer of Health, the Tahsildar, the Medical Officer concerned and the applicant. The District Medical Officer of Health and the Tahsildar will also maintain an up-to-date list of persons who have been sanctioned assistance under the scheme in Form TBA VIII. In order to verify that the beneficiaries are alive' copies of such lists will be supplied by the Tahsildar to the Village Officers. The District Medical Officer of Health concerned shall arrange for periodic verification through the Revenue Authorities whether the beneficiaries have since been admitted to any T. B. Clinic Hospital, or Sanatorium etc. Any patient admitted in a T. B. Clinic, Hospital or Sanatorium should give a sworn declaration as to whether he/she is in receipt of any financial assistance under this scheme so that such assistance is withdrawn on admission of the patient in the institution. Officers in charge of the institution where a T. B. patient is admitted should inform the Tahsildar and District Medical Officer of Health having jurisdiction in the permanent place of residence of the patient about the fact of his admission to the institution and these officers will check up the lists maintained by them and cut off further financial assistance under the scheme to those thus admitted.

LIBRARY ARCHIVES Kerala Legislative Assembly

16. The amount of assistance in each case shall be Rs. 30 p. m. and such assistance shall be given for a period of 6 months from the date of order in every case. This will be in addition to whatever benefits the beneficiaries are getting or can get under the existing orders viz., free supply of medicines, etc. without being admitted in Hospital/Clinics.

17. In appropriate cases, the assistance may be extended for a further period of six months. The procedure to be followed in such cases shall be as follows:—

Before the expiry of the original assistance period of six months the beneficiary shall appear before the concerned Medical Officer who shall examine him and certify that his state of heath is such that further assistance has to be given, and that he has not secured admission in any T. B. Clinic, Hospital or Sanatorium. In such cases, the Medical Officer concerned shall recommend further assistance and forward a report to the Tahsildar of the Taluk who shall make his recommendation to the Collector for the further assistance, if the patient continues to be in indigent circumstances.

18. The Collector shall maintain a register in form TBA IX to account for such renewed cases. The District Medical Officer (Health) and the Tahsildar shall also maintain an up-to-date list of renewed cases in the same form.

19. In no case the assistance shall be continued beyond one year.

20. The amount of assistance sanctioned by the District Collector shall be sent by money order every month by the Tahsildar of the Taluk in which the beneficiary resides, to the beneficiary without deducting money order commission.

21. Printed forms will be supplied to all Tahsildars for distribution among Village Officers who shall report every case of death of a beneficiary to the Collector under intimation to the District Medical Officer of Health and the Tahsildar.

22. The Tahsildar shall make in respect of beneficiaries in his area a quarterly verification of the fact that he is alive and continues to be i indigent circumstances. The verification shall be made by the Tahsildar in every quarter of the financial year. He shall send a report to the District Collector in every quarter of the financial year furnishing the names of the beneficiaries who are no longer alive or deceased, or who have ceased to be in indigent circumstances.

23. The District Medical Officer (Health) shall cause to be made a similar quarterly verification through his subordinate officers and send a report to the District Collector every quarter, furnishing the names of beneficiaries who have since been admitted to a T. B. Clinic, Hospital or Sanatorium in the State.

24. Assistance shall cease to be payable from the date succeeding the date of admission of the beneficiary to a T. B Hospital, Clinic or Sanatorium or from the date he ceases to be in indigent circumstances.

25. The District Collector shall have power to stop payment of assistance if, in any case, it was sanctioned on mistaken grounds or if the conditions for the grant of assistance no longer exist.

26. Good conduct is an implied condition for the grant of assistance under the scheme. The sanctioning authority viz., the District Collector will have the right of withdrawing or withholding assistance if the beneficiary is convicted for crimes involving moral turpitude.

LIBRARY ARCHIVES Kerala Legislative Assembly

ഫാറം ടി. ബി. എ. 1 (Rule 4)

ക്ഷയരോഗികൾക്ക് ധനസഹായത്തിനുള്ള അപേക്ഷ.

ഡിസ്ട്രിക്ട്
വില്ലേജ്
പട്ടണം

താലൂക്ക്

1. അപേക്ഷകക്ഷിയുടെ പേരു് ശ്രീ/ശ്രീമതി.....
2. പിതാവിന്റെയോ ഭർത്താവിന്റെയോ പേരു്.....
3. പൂർണ്ണമായ മേൽവിലാസം.....
4. വയസ്സു്.....
5. അപേക്ഷകക്ഷി ക്ഷയരോഗ ബാധിതനാണെങ്കിൽ അതിന്റെ വിവരണം.....
6. അപേക്ഷകക്ഷിയുടെ പ്രതിജ്ഞ

എ. എനിക്കു് എല്ലാമാർഗ്ഗങ്ങളിലൂടെയുമുള്ള പ്രതിവർഷ വരുമാനം മുന്നൂറു രൂപയിൽ കവിയുകയില്ല,

ബി. എനിക്കു് ക്ഷയരോഗം ബാധിച്ചിട്ടുണ്ടു്. ചുരുങ്ങിയതു് ആറു മാസത്തെ ചികിത്സയെങ്കിലും എനിക്കാവശ്യമാണു്.

സി, സംസ്ഥാനത്തിന്റെ യാതൊരു ക്ഷയരോഗക്ലിനിക്കിലോ, ക്ഷയ രോഗാശുപത്രിയിലോ സാനിട്ടോറിയത്തിലോ ഇപ്പോഴും എനിക്കു് പ്രവേശനം ലഭിച്ചിട്ടില്ല.

ഡി. ഞാൻ കേരളനിവാസിയാകുന്നു. കഴിഞ്ഞ.....വർഷങ്ങളായി ഞാൻ കേരളത്തിൽ താമസിച്ചുവരുന്നു.

ഈ. ഞാൻ ഇതിനുമുമ്പു് ഈ ധനസഹായത്തിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടു് / സമർപ്പിച്ചിട്ടില്ല.

മുൻപു് കൊടുത്ത അപേക്ഷയിന്മേൽ താഴെക്കുറിക്കുന്നതീരുമാനമുണ്ടായി.
.....
.....
.....

സ്ഥലം.....
തീയതി.....

അപേക്ഷകക്ഷിയുടെ (ഒപ്പു്)
(വിരലടയാളം)

7. പ്രമാണപത്രം.

(ഈ പ്രമാണപത്രം ലോക സഭയിലേയോ, രാജ്യസഭയിലേയോ സംസ്ഥാനനിയമസഭയിലേയോ അംഗമോ, കാർപ്പൊറേഷൻ കൗൺസിലിലേയൊ മുനിസിപ്പൽ കൗൺസിലിലേയോ മേയറോ, ചെയർമാനോ, അംഗമോ, പഞ്ചായത്തു പ്രസിഡന്റോ, വൈസ്പ്രസിഡന്റോ, കേന്ദ്ര ഗവണ്മെന്റിന്റെയോ സംസ്ഥാന ഗവണ്മെന്റിന്റേയോ ഗസറ്റഡ് ഉദ്യോഗസ്ഥനോ നൽകേണ്ടതാണു്)

ഞാൻ ശ്രീ / ശ്രീമതി.....(പിതാവിന്റെയോ ഭർത്താവിന്റെയോ പേരു്) യെ കഴിഞ്ഞ.....വർഷമായി നല്ലവണ്ണം അറിയും (ഈ ആളിനെ തിരിച്ചറിയുന്നതിനുള്ള ശാരീരികചിഹ്നം താഴെ കുറിക്കുന്നു.)

.....

സ്ഥലം.....
തീയതി.....

പ്രമാണപത്രം നൽകുന്ന ആളിന്റെ ഒപ്പു്.
പൂർണ്ണമായ മേൽവിലാസം (ഉദ്യോഗപദവിയോ ഇതരപദവിയോ കാണിക്കുക)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

FORM TBA. III

(*Rule* 7)

ASSISTANCE TO T. B. PATIENTS

Taluk..... *District*.....

Details of applications received at the.....Hospital, 196 ,

Sl. No.	Name of applicant with name of father/husband	Full address	Date of receipt	Date of forwarding the application to Tahsildar	Remarks
1	2	3	4	5	6

LIBRARY ARCHIVES Kerala Legislative Assembly

FORM TBA. III

(*Rule* 7)

ASSISTANCE TO T. B. PATIENTS

Taluk..... *District*.....

Details of applications received at the Taluk Office.....in 196 .

Sl. No.	Name of applicant with name of father/husband	Full address	Date of receipt	Whether rejected by Tahsildar on the ground that applicant does not suffer from T. B. or has been admitted to a T. B. Hospital or Sanatorium	If so rejected date when intimation was given to applicant	Date of forwarding the application to Collector	Whether recommended or not	Remarks
1	2	3	4	5	6	7	8	9

FORM TBA IV
(*Rule* 8)
മെഡിക്കലാഫീസറുടെ സർട്ടിഫിക്കറ്

അപേക്ഷകക്ഷിയെ ഞാൻ.....വംശം.....
സ്ഥലത്തുവച്ചു പരിശോധിച്ചു. അപേക്ഷകക്ഷി ക്ഷയരോഗബാധിതനാണ്/ ക്ഷയരോഗബാധിതനല്ല. അപേക്ഷകക്ഷിക്ക് ആറുമാസക്കാലത്തെ ചികിത്സയെങ്കിലും ആവശ്യമാണ്/ ആവശ്യമില്ല. അപേക്ഷകക്ഷി ഇപ്പോൾ സംസ്ഥാനത്തിലെ ഏതെങ്കിലും ക്ഷയരോഗാശുപത്രിയിലോ ക്ഷയരോഗക്ലിനിക്കിലോ സാനിട്ടോറിയത്തിലോ പ്രവേശിപ്പിക്കപ്പെട്ടിട്ടില്ല.

(അത്തരമേതെങ്കിലും സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം വിശദമായി നൽകുക)

സ്ഥലം.....
തീയതി.....

(ഒപ്പ്)
മെഡിക്കലാഫീസർ.

(ആഫീസ് മുദ്ര)

FORM TBA V
(*Rule* 9)
തഹശീൽദാരുടെ റിപ്പോർട്ട്

ഞാൻ ഈ അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തി താഴെ പറയുന്ന റിപ്പോർട്ട് നൽകുന്നു.

(നടത്തിയ അന്വേഷണത്തിന്റെയും ആശ്രയിക്കുന്ന പ്രമാണത്തിന്റെയും വിവരം നൽകുക)

1. അപേക്ഷകക്ഷി ഇപ്പോൾ സംസ്ഥാനത്തിലെ ഏതെങ്കിലും ക്ഷയരോഗക്ലിനിക്കിലോ, ക്ഷയരോഗാശുപത്രിയിലോ സാനിട്ടോറിയത്തിലോ പ്രവേശിക്കപ്പെട്ടിട്ടില്ല.
2. അപേക്ഷകക്ഷിക്ക് എല്ലാ മാർഗ്ഗങ്ങളിലൂടേയുള്ള പ്രതിവർഷ വരുമാനം മുന്നൂറു രൂപയിൽ കവിയുകയില്ല.
3. അപേക്ഷകക്ഷി നൽകിയിരിക്കുന്ന മറ്റു വിവരങ്ങളും ശരിയാണ്.
4. അപേക്ഷകക്ഷിയുടെ അപേക്ഷ ഇതാദ്യമായിട്ടാണ്–ഇതു് രണ്ടാമത്തെതാണ്–ഇതു് മൂന്നാമത്തെതാണ്. മുൻ അപേക്ഷകളിൽ താഴെ വിവരിക്കുന്ന തീരുമാനമുണ്ടായി.

.....
.....
.....

5. മറ്റു വിവരങ്ങളും താഴെ കുറിക്കുന്നു (വിശേഷവിധിയായി വല്ലതും ഈ അപേക്ഷകക്ഷിയെക്കുറിച്ച് പറയാനുണ്ടെങ്കിൽ പറയുക)

സ്ഥലം.....
തീയതി..... (മുദ്ര)

(ഒപ്പ്)
തഹശീൽദാർ.

FORM TBA VA
(*Rule* 10)
തഹശീൽദാരുടെ ശുപാർശ

ഞാൻ ഈ അപേക്ഷ പരിഗണിച്ചതിൽ എന്റെ അഭിപ്രായത്തിൽ ഈ അപേക്ഷകനു് ക്ഷയരോഗികൾക്കുള്ള ധനസഹായം ലഭിക്കുന്നതിനു അർഹതയുണ്ടെന്നു കാണുന്നു / ഇല്ലെന്നു കാണുന്നു. അതിനാൽ ഞാൻ ഈ അപേക്ഷയെ ശുപാർശചെയ്യുന്നു. / തിരസ്ക്കരിക്കുന്നു. തിരസ്ക്കരിക്കാനുള്ള കാരണം താഴെ കൊടുക്കുന്നു.

.....
.....

സ്ഥലം.....
തീയതി..... (മുദ്ര)

തഹശീൽദാരുടെ (ഒപ്പ്).

LIBRARY ARCHIVES Kerala Legislative Assembly

FORM TBA. VI

(*Rule* 12)

ASSITANCE TO T. B. PATIENTS

(Form of Sanction)

Office of the District Collector

.....dated. .....

The District Collector,.....has been pleased to sanction assistance to Shri/Smt.....payable at rupees Thirty per mensem for six months with effect from.....

The account number allotted to him/her is.....

District Collector.

FORM TBA. VII

(*Rule* 13)

ASSISTANCE TO T. B. PATIENTS

District.....

Register of applications rejected by the Collector.

Sl. No.	Name, father's/husbands's Name and full address of the applicant	Date of rejection	Grounds	Remarks
1	2	3	4	5

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

FORM TBA, VIII

(*Rules* 13&15)

ASSISTANCE TO T. B. PATIENTS

District..... *Taluk*.....

Register of sanctioned cases

Sl. No.	Name and full address of the patient	Amount of assistance sanctioned	Period		No. and date of sanction	Date of expiry of first sanction	Remarks
			From	To			
1	2	3	4		5	6	7

LIBRARY ARCHIVES Kerala Legislative Assembly

FORM TBA. IX

(*Rule* 18)

ASSISTANCE TO T. B. PATIENTS

District..... *Taluk*.....

Register of renewals.

Sl. No.	Name and full address of patient	No. and date of first sanction	Date of expiry of first sanction	No. and date of second sanction	period		Date of expiry of renewed sanction	Remarks
					From	To		
1	2	3	4	5	6		7	8